## പാഠം 16

# യേശുവിനെ വിസ്തരിച്ച കോടതി

**വേദഭാഗം** : യോഹ. 18:12-19:16
മത്തായി : 26:57-65; 27:1-34
ലൂക്കോ : 22: 54-71; 23:1-25
മർക്കോ : 14: 54-72; 15:1-20

**തങ്കവാക്യം** : അ. പ്രവൃത്തികൾ 8:32

*തിരുവെഴുത്തിൽ അവൻ വായിച്ച ഭാഗമാവിത്: അറുക്കുവാനുള്ള ആടിനെപ്പോലെ അവനെ കൊണ്ടുപോയി രോമം കത്രിക്കുന്നവന്റെ മുമ്പാകെ മിണ്ടാതിരിക്കുന്ന കുഞ്ഞാടിനെപ്പോലെ അവൻ വായ് തുറക്കാതിരുന്നു.*

### പാഠം

നിങ്ങൾ കോടതി എന്നു കേട്ടിട്ടുണ്ടോ? ഏതെങ്കിലും കോടതി കണ്ടിട്ടുണ്ടോ? കോടതി എന്തിനുവേണ്ടിയാണ് ? വിസ്തരിക്കുന്നത് എന്തിനാണ്? കുറ്റം ചെയ്തിട്ടുണ്ടോ എന്ന് കണ്ടുപിടിക്കുന്നതിനും കുറ്റം ചെയ്തിട്ടുണ്ടെങ്കിൽ അതിന് തക്കശിക്ഷ നല്കുന്നതിനുമാണ് കോടതിയിൽ വിസ്താരം. ഇതിന്റെ ചുമതല വഹിക്കുന്ന ആളാണ് ന്യായാധിപൻ. കൊലപാതകന്മാരെയും, കൊളളക്കാരെയും വിസ്തരിക്കുന്നതുപോലെ, യാതൊരു തെറ്റും ചെയ്യാത്ത യേശുവിനെ വിസ്തരിച്ചു.

### പാഠം

റോമൻ പട്ടാളവും യഹൂദന്മാരുടെ ചേവകരും ഗത്ശമനതോട്ടത്തിൽവച്ച് യേശുവിനെ പിടി

**ഫോക്കസ് / FOCUS**

**തെറ്റു ചെയ്യാത്ത യേശുവിനെ മരണശിക്ഷ വിധിച്ചത് എന്തിന് എന്നു മനസിലാക്കുക.**

**Understand the reason for the judgment of death on Jesus who did no sin.**

## Lesson 16

# JESUS ON TRIAL

**Scripture** : John 18:12-19:16;
Matthew 26:57-65; 27:1-34
Luke 22: 54-71; 23:1-25
Mark 14: 54-72; 15:1-20

**Memory Verse** : Acts 8:32

*"He was led like a sheep to the slaughter and as a lamb before its shearer is silent, so he did not open his mouth."*

### Lesson

Have you heard of the court? Have you been to a court? Why do we have courts? Why do the courts put people on trial? The courts have the responsibility to conduct a trial to find out if wrong has been committed and if so, to give the appropriate punishment. The judge presides in the court. Jesus was put on trial like a common criminal, a murderer or a thief.

The Jewish leaders and the Roman soldiers arrested Jesus in the garden of Gethsemane and took Him to the house of the former high priest, Annas. He was the father-in-law of the high priest who was ruling then, Caiaphas. Annas asked Jesus about Hi disciples and His teaching. Jesus replied that He had been preaching and teaching in the temple

ച്ചുകെട്ടി ആദ്യമായി കൊണ്ടുപോയത് മഹാപുരോഹിതനായ ഹന്നാവിന്റെ അടുക്കലേക്കായിരുന്നു. അയാൾ ആ സംവത്സരത്തിൽ ഭരണം നടത്തികൊണ്ടിരുന്ന മഹാപുരോഹിതനായ കയ്യാഫാവിന്റെ അമ്മായിഅപ്പൻ (ഭാര്യയുടെ പിതാവ്) ആയിരുന്നു. ഹന്നാവ് യേശുവിനോട് തന്റെ ശിഷ്യന്മാരെയും ഉപദേശത്തെയും കുറിച്ച് ചോദിച്ചു. അതിന് യേശു ഞാൻ യഹൂദന്മാരുടെ ദേവാലയത്തിലും പള്ളികളിലും പരസ്യമായി സംസാരിച്ചിരുന്നു. ഞാൻ സംസാരിച്ചത് എന്തെന്ന് കേട്ടവരോടു ചോദിക്ക എന്ന് ഉത്തരം പറഞ്ഞു. അപ്പോൾ അരികെ നിന്ന ചേവകരിൽ ഒരുത്തൻ മഹാ പുരോഹിതനോട് ഇങ്ങനെയോ ഉത്തരം പറയുന്നത് എന്ന് പറഞ്ഞുകൊണ്ട് യേശുവിന്റെ കരണത്ത് അടിച്ചു. പിന്നെ ഹന്നാവ് യേശുവിനെ കെട്ടപ്പെട്ടവനായി മഹാപുരോഹിതനായ കയ്യഫാവിന്റെ അടുക്കലേക്ക് അയച്ചു.

രണ്ടാമത്തെ വിസ്താരം ഔദ്യോഗിക സ്ഥാനമുണ്ടായിരുന്ന കയ്യാഫാവിന്റെ കോടതിയിൽ ആയിരുന്നു . യഹൂദന്മാരും മഹാപുരോഹിതന്മാരും ശാസ്ത്രിമാരും മറ്റ് നേതാക്കളും ഉൾപ്പെട്ട ന്യായാധിപസംഘത്തിന്റെ അദ്ധ്യക്ഷനായി ഇരുന്നുകൊണ്ട് കയ്യഫാവ് യേശുവിനെ വിസ്തരിച്ചു. കള്ളസാക്ഷികൾ പലരും വന്നിട്ടും പറ്റിയില്ല. ഒടുവിൽ രണ്ടു പേർ വന്നു. ദൈവമന്ദിരം പൊളിച്ച് മൂന്നു ദിവസംകൊണ്ട് വീണ്ടും. പണിയുവാൻ എനിക്ക് കഴിയും എന്ന് യേശുപറഞ്ഞു എന്ന് ബോധിപ്പിച്ചു. യേശുവോ മിണ്ടാതിരുന്നു. പിന്നെ പുരോഹിതൻ യേശുവിനോട് നീ ദൈവപുത്രനായ ക്രിസ്തുതന്നെയോ? എന്നു ആണയിട്ടു ചോദിച്ചു. അതിന് യേശു ഞാൻ ആകുന്നു എന്ന് ഉത്തരം പറഞ്ഞു. ഉടനെ മഹാപുരോഹിതൻ വസ്ത്രം കീറി ഇവൻ ദൈവദൂഷണം പറഞ്ഞു ഇനി സാക്ഷികളെകൊണ്ട് നമുക്ക് എന്താവശ്യം നിങ്ങൾക്ക് എന്തു തോന്നുന്നു എന്ന് ന്യായാധിപ സംഘത്തോടു ചോദിച്ചു. അവൻ മരണയോഗ്യൻ എന്ന് അവർ ഉത്തരം പറഞ്ഞു തുടർന്ന് അവർ യേശുവിന്റെ മുഖത്ത് തുപ്പി. നമ്മുടെ കർത്താവിനെ മുഷ്ടി ചുരുട്ടി കുത്തുകയും കരണത്തടി ക്കുകയും ചെയ്തു. അവർ യേശുവിൽ കണ്ടെത്തിയ ഏക കുറ്റം താൻ ദൈവപുത്രനായ ക്രിസ്തുവാണന്ന്

areas and in public places. He asked the high priest to enquire from those who heard Him. One of the soldiers who stood nearby struck Jesus on the cheeks saying, “How dare you speak to the high priest in this manner!” Annas ordered that Jesus be bound and taken to Caiaphas the ruling high priest.

The second trial was in the house of the ruling high priest Caiaphas. Those who had arrested Jesus took him to Caiaphas the high priest, where the teachers of the law and the elders had assembled. Caiaphas was also the head of the Sanhedrin council that was the highest political and judicial body of the Jewish people. The chief priests and the whole Sanhedrin were looking for false evidence against Jesus so that they could put him to death. But they did not find any, though many false witnesses came forward. Finally two came forward and declared, “This fellow said, ‘I am able to destroy the temple of God and rebuild it in three days.’” But Jesus remained silent. The high priest said to him, “Tell us if you are the Messiah, the Son of God.” Jesus said, “You have said so.” Then the high priest tore his clothes and said, “He has spoken blasphemy! Why do we need any more witnesses? Look, now you have heard the blasphemy. What do you think?” “He is worthy of death,” they answered. Then they spit in his face and struck him with their fists. Others slapped him. The only wrong that they could find in Jesus was that He said that He is the Son of God. They considered His words as blasphemy and decided to sentence Him to death. But according to the Roman law they could not sentence any one. So they took Jesus to Pilate the governor the next morning.

The third trial was before Pilate the governor. The Jewish leaders knew that Pilate, the Roman governor, would not sentence Jesus according to the religious laws of the Jewish

പറഞ്ഞു എന്നതു മാത്രമായിരുന്നു. അവർ ആ സത്യത്തെ ദൈവദൂഷണമായി പരിഗണിച്ച് യേശുവിനെ കൊല്ലുന്നതിന് കൂടി ആലോചിച്ചു. പക്ഷേ റോമൻ നിയമം അനുസരിച്ച് അവർക്ക് യേശുവിനെ ശിക്ഷിക്കുവാൻ അധികാരമുണ്ടായിരുന്നില്ല. അതിനാൽ രാവിലെ അവർ യേശുവിനെ വിസ്താരത്തിനായി നാടുവാഴിയാ പീലാത്തോസിനെ ഏൽപ്പിച്ചു.

മൂന്നാമത്തെ വിസ്താരം പീലാത്തോസിന്റെ മുമ്പാകെ ആയിരുന്നു. യഹൂദന്മാരുടെ മതത്തെ സംബന്ധിച്ചുള്ള കുറ്റത്തിന് റോമൻ നാടുവാഴി വധശിക്ഷ നൽകുകയില്ല എന്ന് യഹൂദന്മാർക്ക് അറിയാമായിരുന്നു അതുകൊണ്ട് യേശുവിന്റെമേൽ മറ്റു കുറ്റങ്ങൾ അവർ ആരോപിച്ചു. കൈസർക്ക് കരം കൊടുക്കുന്നത് തടഞ്ഞു. താൻ യഹൂദന്മാരുടെ രാജാവാണെന്ന് പറഞ്ഞ് ജനത്തെ പഠിപ്പിച്ചു കലഹമുണ്ടാക്കാൻ പ്രേരിപ്പിക്കുന്നു എന്നീ പ്രകാരമുള്ള കുറ്റങ്ങളാണ് അവർ ഉന്നയിച്ചത്. യേശു ഉത്തരമൊന്നും പറയാതിരുന്നതുകൊണ്ട് പീലാത്തോസ് ആശ്ചര്യപ്പെട്ടു. പീലാത്തോസ് യേശുവിനോട് നീ യഹൂദന്മാരുടെ രാജാവോ എന്ന് ചോദിച്ചു. ഞാൻ ആകുന്നു എന്ന് യേശു ഉത്തരം പറഞ്ഞു പീലാത്തോസ് യേശുവിൽ ഒരു കുറ്റവും കണ്ടില്ല. യേശു ഗലീലക്കാരൻ എന്ന് മനസ്സിലാക്കിയ നാടുവാഴി, ആ സമയത്ത് യെരുശലേമിൽ ഉണ്ടായിരുന്ന ഹേരോദാവിന്റെ അടുക്കലേക്ക് അയച്ചു . ഗലീല പ്രദേശത്തിന്റെ ഭരണാധികാരി ഹേരോദാരാജാവിയിരുന്നു.

നാലാമത്തെ വിസ്താരത്തിനായി യേശു ഹെരോദാ രാജാവിന്റെ മുമ്പാകെ കൊണ്ടുപോകപ്പെട്ടു. അവൻ യേശുവിനെ അത്ഭുതങ്ങളും അടയാളങ്ങളും കാണിക്കുന്ന ഒരു മന്ത്രവാദിയായിട്ടാണ് മനസ്സിലാക്കിയിരുന്നത്. അതിനാൽ യേശു എന്തെങ്കിലും അത്ഭുതം പ്രവർത്തിക്കുമെന്ന് കരുതി അവൻ തന്നോട് പലതും ചോദിച്ചു. പക്ഷെ യേശു ഒരു ഉത്തരവും പറഞ്ഞില്ല. ഹേരോദാവും യേശുവിൽ ഒരു കുറ്റവും കണ്ടില്ല. ഏങ്കിലും അവൻ തന്റെ പടയാളികളുമായി യേശുവിനെ പരിഹസിച്ച് നിസ്സാരനാക്കി, പീലാത്തോസിന്റെ അടുക്കലേക്ക് തിരിച്ചയച്ചു.

തുടർന്ന് മൂന്നുപ്രാവശ്യം കൂടി യേശു പീലാ

people. So they alleged Jesus to have committed some other wrongs. They said that Jesus encouraged non-payment of taxes to Caesar. They also alleged that He taught the people that He is the king of Jews and thus was trying to start an insurrection. But Jesus made no reply, not even to a single charge—to the great amazement of the governor. Pilate asked Jesus whether he considered himself as the king of the Jews. Jesus replied that He is. Pilate did not find anything wrong in Jesus. Pilate knew that Jesus was from Galilee and so he sent Jesus to Herod, the governor of Galilee.

Jesus was taken to Herod for the fourth trial. He had heard of Jesus as a magician who does miracles and wonders. Expecting Jesus would do a miracle, he asked Jesus many questions. But He did not give any answer. Herod did not find anything wrong in Jesus. But Herod's soldiers mocked and humiliated Jesus, and sent Him back to Pilate.

Jesus was put on trial before Pilate three times. Yet Pilate could not find any fault in Him and said that to the Jewish leaders. Pilate's wife sent word to him asking him not to have anything to do with Jesus, because He was a righteous man. Please note all what Pilate did to stop the Jewish authorities from killing Jesus.

Then the governor's soldiers took Jesus into the Praetorium and gathered the whole company of soldiers around him. They stripped him and put a scarlet robe on him, and then twisted together a crown of thorns and set it on his head. They put a staff in his right hand. Then they knelt in front of him and mocked him. "Hail, king of the Jews!" they said. They spit on him, and took the staff and struck him on the head again and again. After they had mocked him, they took off the robe and put his own clothes on him. The Jews were not satisfied with this

ത്തോസിന്റെ മുമ്പാകെ വിസ്തരിക്കപ്പെട്ടു. പക്ഷേ യേശുവിൽ ഒരു കുറ്റവും കാണുവാൻ അവന് കഴിഞ്ഞില്ല . അവൻ പലപ്രാവശ്യം അക്കാര്യം പ്രഖ്യാപിക്കുകയും ചെയ്തു. ഇതിനിടെ പീലാത്തോസിന്റെ ഭാര്യ ആളയച്ച് അവനോട് നീതിമാനായ യേശുവിന്റെ കാര്യത്തിൽ ഇടപെടരുതെന്ന് അപേക്ഷിച്ചു. യേശുവിനെ വധിക്കുവാനുള്ള ശ്രമത്തിൽനിന്ന് യഹൂദന്മാരെ പിന്തിരിപ്പിക്കുന്നതിന് അവൻ എന്തെല്ലാം പറഞ്ഞു എന്ന് നോക്കുക.

യേശുവിനെ പീലാത്തോസ് വാറുകൊണ്ട് അടിപ്പിക്കുകയും, മുൾ കിരീടവും ധൂമ്രവസ്ത്രവും ധരിപ്പിച്ച് പലവിധത്തിൽ പീഡിപ്പിക്കുകയും ചെയ്തു. റോമൻ പടയാളികൾ മുള്ളു ഘടിപ്പിച്ച ചമ്മട്ടികൊണ്ട് യേശുവിന്റെ പുറം അടിച്ചുകീറി. ഇതുകൊണ്ടൊന്നും യഹൂദന്മാർക്ക് തൃപ്തി വന്നില്ല. യേശുവിനെ ക്രൂശിക്ക ക്രൂശിക്ക എന്ന് അവർ ആർത്തുവിളിച്ചു. അപ്പോൾ പീലാത്തോസ് യേശുവിനെ ക്രൂശിക്കുന്നതിന് വിധിച്ച് അവർക്ക് ഏല്പിച്ചുകൊടുത്തു.

യേശുവിനെ വിസ്തരിച്ചവർ ആരെല്ലാമായിരുന്നു . ഹന്നാവ്, കയ്യഫാവ്, പീലാത്തോസ്, ഹേരോദാവ് എന്നിവർ യേശുവിനെ ഓരോപ്രാവശ്യം വിസ്തരിച്ചശേഷം പീലാത്തോസ് 3 പ്രാവശ്യം കൂടി വിസ്തരിച്ചതായി നാം കണ്ടുവല്ലോ. അങ്ങനെ 4 ന്യായാധിപരുടെ മുമ്പാകെ 7 പ്രാവശ്യം വിസ്തരിക്കപ്പെട്ട യേശുവിൽ ഒരു കുറ്റവും കാണുവാൻ ആർക്കും കഴിഞ്ഞില്ല. ഞാൻ ഇവനിൽ ഒരു കുറ്റവും കാണുന്നില്ല എന്നു പ്രഖ്യാപിച്ചശേഷം, വധശിക്ഷക്കു വിധിച്ച മറ്റൊരു സംഭവവും ലോക ചരിത്രത്തിൽ ഇല്ല . പാപമില്ലാത്ത ദൈവപുത്രനായ യേശു നമുക്കുവേണ്ടി ഒരു കുറ്റവാളിയെപ്പോലെ വിസ്തരിക്കപ്പെടുകയും പീഡിപ്പിക്കപ്പെടുകയും വധിക്കപ്പെടുകയും ചെയ്തത് നാം ഓരോരുത്തരും ന്യായവിസ്താരത്തിൽ നിന്നും ശിക്ഷാവിധിയിൽ നിന്നും വിടുവിക്കപ്പെടേണ്ടതിനത്രെ. ഇപ്പോൾ ക്രിസ്തുയേശുവിൽ ഉള്ളവർക്ക് ഒരു ശിക്ഷാവിധിയും ഇല്ല. നിങ്ങൾ ശിക്ഷാവിധിയിൽ നിന്ന് രക്ഷിക്കപ്പെട്ടിരിക്കുന്നുവോ?

and began to shout loudly, “Crucify Him.” Then they led him away to crucify him.

Jesus was put on trial before Annas, Caiaphas, Pilate and Herod, and again before Pilate three times. In total, Jesus was tried 7 times by 4 rulers. None of them could find anything wrong in Jesus. Nowhere else in history has a man been declared innocent and then sentenced to die. Jesus, who did no sin, was put on trial like a criminal, and crucified so that we would be delivered from the judgment of God for sin. Now there is no condemnation for those who are in Christ Jesus. Are you delivered from this judgment?

നിങ്ങൾക്ക് കുറിപ്പ് എഴുതാനുള്ള സ്ഥലം /
*Write your notes here*

## പ്രവൃത്തി പരിചയം / WORK EXPERIENCE

### I. വിദ്യാർഥികളുമായി ചർച്ച ചെയ്യുക. Discuss with the students


1. യേശുവിനെ വിസ്തരിച്ച ന്യായാധിപന്മാരുടെ പേര് മുറയ്ക്ക് പറയുക? Name in order the people who judged Jesus.

2. പീലാത്തോസ് യേശുവിനെ എത്രപ്രാവശ്യം വിസ്തരിച്ചു? How many times did Jesus come before Pilate for trial?

3. പീലാത്തോസ് യേശുവിൽ ഒരു കുറ്റവും കണ്ടെത്തിയില്ല. എങ്കിലും യേശുവിനെ ക്രൂശിപ്പാൻ ഏൽപ്പിച്ചു. എന്തുകൊണ്ട്? Pilate did not find any fault in Jesus but sentenced him to die. Why?

4. യേശുവിനെ ക്രൂശിപ്പാൻ ഏൽപ്പിക്കുന്നതിന് മുമ്പ് പീലാത്തോസ് യേശുവിനെ എങ്ങനെ പീഡിപ്പിച്ചു? How did Pilate humiliate and abuse Jesus before crucifying him?

**II.** യേശുവിനെ വിസ്തരിക്കുന്ന രംഗം ക്ലാസ്മുറിയിൽ ഒരു ചിത്രീകരണം പോലെ കുട്ടികളെക്കൊണ്ട് അഭിനയിപ്പിക്കുക. Encourage the students to act out the different scenes of Jesus' trial in the class.



**III.** തന്നിരിക്കുന്ന ചിത്രത്തിലെ ന്യായവിധിയിൽ ഓരോരുത്തരുടെയും വാക്കുകൾ ബോക്സിൽ എഴുതുക. In the boxes given below, write the words of each person during the trial

